"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - കെ.ടി.ഡി.സി. ടാമറിൻഡ് ഈസി ഹോട്ടൽ, തൃശ്ശൂർ - ഫേസ് 1 നവീകരണ പ്രവർത്തനത്തിനായി ചെലവായ തുകയുടെ ആദ്യ ഗഡു റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകപ്പ്**

സ.ഉ.(സാധാ) നം.291/2026/TSM   തീയതി,തിരുവനന്തപുരം, 04-07-2026

---

പരാമർശം:-

1. 06/07/2024 ലെ സ.ഉ.(സാധാ) നം.314/2024/ടൂറിസം.
2. 15/10/2024 ലെ സ.ഉ.(സാധാ) നം.542/2024/ടൂറിസം.
3. കെ.ടി.ഡി.സി. മാനേജിങ് ഡയറക്ടറുടെ 18.05.2026 ലെ KTDC/EW/Utilization/TEH Thrissur/Acts/2026 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കെ.ടി.ഡി.സി. ടാമറിൻഡ് ഈസി ഹോട്ടൽ, തൃശ്ശൂർ-ന്റെ ഫേസ് I - (Upgradation & Renovation of Tamarind Easy Hotel, Thrissur) നവീകരണ പ്രവർത്തനത്തിനായി പരാമർശം (1) പ്രകാരം നാല് കോടി രൂപയുടെ ഭരണാനുമതി നൽകുകയും, ആയത് പരാമർശം (2) പ്രകാരം ₹2,00,00,000/-(രണ്ട് കോടി രൂപ മാത്രം) ആയി നിജപ്പെടുത്തി ഉത്തരവാകുകയും ചെയ്തിരുന്നു.

2) പ്രസ്തുത പദ്ധതിക്കായി ഭരണാനുമതി നൽകിയ 2,00,00,000/- രൂപയിൽ നിന്നും ചെയ്തു തീർത്ത പണിയുടെ തുകയായ ₹1,00,00,000/- (ഒരു കോടി രൂപ മാത്രം) ആദ്യ ഗഡുവായി 5452-01-190-99-Kerala Tourism Development Corporation Ltd (Plan) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് നല്കുന്നതിനായി കെ.ടി.ഡി.സി മാനേജിങ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.ടി.ഡി.സി. ക്ക് ഭരണാനുമതി നൽകിയ രണ്ടു കോടി രൂപയിൽ നിന്നും ടാമറിൻഡ് ഈസി ഹോട്ടൽ, തൃശ്ശൂർ-ന്റെ നവീകരണ പ്രവർത്തനത്തിനായി (Upgradation & Renovation of Tamarind Easy Hotel, Thrissur - Phase I) ചെയ്തു തീർത്ത വർക്കിന്റെ തുകയായ ₹1,00,00,000/- (ഒരു കോടി രൂപ മാത്രം) ഒന്നാം ഗഡുവായി 5452-01-190-99- Kerala Tourism Development Corporation Ltd(Plan) എന്ന ശീർഷകത്തിൽ നിന്നും ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി റിലീസ് ചെയ്തു നൽകുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) 16/04/2018-ലെ സ.ഉ.(പി) നം.62/2018/ധന യിലെ വ്യവസ്ഥയ്ക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii) 09/12/2008-ലെ സർക്കുലർ നം.84/2008/ധന യിലെയും 30/01/2018 - ലെ സർക്കുലർ നം.08/2018/ധന യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ) നം.04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

iv) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

4) നടപ്പു സാമ്പത്തിക വർഷത്തിൽ ഇതുവരെ അനുവദിച്ച തുക കഴിഞ്ഞ് ബാക്കിയുള്ള ബജറ്റ് വിഹിതത്തിനുള്ളിൽ മാത്രമായിരിക്കണം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി 2026-27 വർഷത്തേക്കുള്ള ശിപാർശകൾ സമർപ്പിക്കുന്നത് എന്നതിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU C VARGHESE**

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനനന്തപുരം
2. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനനന്തപുരം
3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (23.06.2026- ലെ 3475637/പി.യു-സി3/52/2026-ധന പ്രകാരം)
5. വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി ( TOUR-B1/92/2026-TOUR)

ഉത്തരവിൻ പ്രകാരം

Signed by
Prasad R
Date: 04-07-2026 14:39:22
സെക്ഷൻ ഓഫീസർ

പകർപ്പ് : -

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്